നം. ICDS A5-23086/12

**വളരെ അടിയന്തിരം/സമയപരിധി**

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര
തിരുവനന്തപുരം, തീയതി 24-9-2012

# സർക്കുലർ

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ് - WIFS പ്രോഗ്രാം -സ്കൂൾ ഡ്രോപ്പ് ഔട്ട്സ് ആയ A.G. കുട്ടികളുടെ എണ്ണം- സംബന്ധിച്ച്.

സൂചന: NRHM സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 14-3-2012 ലെ കത്ത്.

കേന്ദ്ര സർക്കാരിന്റെ കൗമാരപ്രായക്കാരായ കുട്ടികൾക്കു വേണ്ടിയുള്ള WIFS (വീക്ക്ലി അയൺ & ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ) പ്രോഗ്രാം ആരോഗ്യവകുപ്പിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും സാമൂഹ്യക്ഷേമ വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവകുപ്പും സ്കൂൾ ഡ്രോപ്പ് ഔട്ട്സ് ആയ 12 മുതൽ 19 വയസ്സുവരെ ഉള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അംഗൻവാടി മുഖേന സാമൂഹ്യക്ഷേമ വകുപ്പും IFA tablets നൽകേണ്ടതാണ്.

ഓരോ ICDS പ്രോജക്ടിലും സ്കൂൾ ഡ്രോപ്പൗട്ട്സ് ആയ 12 മുതൽ 19 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ എണ്ണം 10-10-2012 ന് മുമ്പ് ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും ജില്ലാ പ്രോഗ്രാം ഓഫീസർമാർ അന്നുതന്നെ കൺസോളിഡേറ്റഡ് ലിസ്റ്റ് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് അനക്സിൽ ഫാക്സ് മുഖേന നൽകേണ്ടതാണ്. സമയപരിധി നിർബന്ധമായും പാലിക്കേണ്ടതാണ്.

12 മുതൽ 19 വയസ്സുവരെ പ്രായമുള്ള സ്കൂൾ ഡ്രോപ്പൗട്ട്സ് ആയ പെൺകുട്ടികളുടെ അംഗൻവാടി തിരിച്ചുള്ള ലിസ്റ്റ് പ്രോജക്ടാഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

Philomina [signature]

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി

എല്ലാ സി.ഡി.പി.ഒ. മാർക്കും (പ്രോഗ്രാം ഓഫീസർമാർ മുഖേന)

RS